# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1029. 30-09-2016 ൽ മറുപടിയ്ക്ക്

## നെൽകർഷകർക്ക് നഷ്ടപരിഹാരം

**ചോദ്യം**
ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകർഷകർ കൃഷിയിറക്കുന്നതിൽ നിന്നും പിൻമാറേണ്ടി വരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൊഴിലാളികളുടെ ലഭ്യതക്കുറവ്, മഴയെ ആശ്രയിച്ചുള്ള നെൽകൃഷി ചെയ്യുന്നയിടങ്ങളിൽ ശരിയായ സമയത്തുള്ള മഴയുടെ ലഭ്യതക്കുറവ്, വർദ്ധിച്ച കൃഷിച്ചെലവ് എന്നിവ മൂലം നെൽകർഷകർ നെൽകൃഷിയിൽ നിന്നും പിൻമാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാട്ടുമൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയുടെ ആക്രമണത്തിൽ കൃഷി നശിച്ച് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുള്ള കർഷകരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിവകുപ്പിന്റെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷിക വിളകൾ വന്യമൃഗങ്ങളുടെ ആക്രമണം മൂലം നശിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ഇൻഷ്വർ ചെയ്യാത്ത വിളകൾക്ക് വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നത് വനം-വന്യജീവി വകുപ്പാണ്. |
| (സി) | കൃഷി നാശം വന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പുതിയ സ്കീമുകൾ കൃഷി ഭവനിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷിവകുപ്പിന്റെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി മുതലായവ കൃഷിഭവൻ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ പ്രകൃതി ക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര നടപടി എന്ന നിലയിൽ പ്രകൃതിക്ഷോഭങ്ങൾ മൂലം കൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനു നെൽവിത്ത് സൗജന്യമായി കൃഷിഭവൻ മുഖേന നൽകുന്ന പദ്ധതിയും നിലവിലുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ